**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവ. ഹൈ സ്കൂളിന്റെ കായിക അടിസ്ഥാന വികസന പദ്ധതിയ്ക്ക് 08.05.2023 ലെ സ.ഉ.(സാധാ)നം.126/2023/ കാ.യു.വ. പ്രകാരം 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്. പി. വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>പ്രസ്തുത പദ്ധതിയിൽ മൾട്ടീപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം, ഹോസ്റ്റൽ (ഗേൾസും ബോയ്സും), സ്റ്റെപ്പ് ഗ്യാലറി, സിന്തറ്റിക് ട്രാക്ക് 200 മീ., 7's നാചറൽ ടർഫ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. പ്രവൃത്തിയുടെ ഡി. പി. ആർ. തയ്യാറാക്കി 19.09.2023 ന് കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13.03.2024 ന് ലഭിക്കുകയും ചെയ്തിരുന്നു.<br><br>നിർദ്ദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം DAR (Detailed Appraisal Report) കൂടി കിഫ്ബി നല്കിയിരുന്നു. അതിൽ എസ്. പി. വി. യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി എടുക്കുന്നതിനു മുൻപായി DAR ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ട്. അതിൻ പ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ സ്ട്രക്ച്ചറൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിങ്ങിന് 30.05.2024 ൽ സമർപ്പിക്കുകയും, കിഫ്ബി സ്ട്രക്ച്ചറൽ ഡിസൈൻസ് പരിശോധിച്ച ശേഷം 24.09.2024 ന് റിപ്പോർട്ട് സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം സ്ട്രക്ച്ചറൽ ഡിസൈനിൽ വരുത്തേണ്ട |

| | | | |
|---|---|---|---|
| | | | മാറ്റങ്ങൾ ചെയ്യുന്നതിനായ് പ്രസ്തുത പ്രവൃത്തിയുടെ സ്ട്രക്ച്ചറൽ കൺസൾട്ടന്റായ M/s. Artly ക്ക് സമർപ്പിച്ചിട്ടുണ്ട്. M/s. Artly യിൽ നിന്നും മാറ്റങ്ങൾ വരുത്തിയ മോഡൽ ഉൾപ്പടെ റിപ്പോർട്ടിന്റെ മറുപടി രണ്ടാഴ്ചയ്ക്കകം കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചശേഷം പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നല്കി ദർഘാസ് നടപടികളിലേയ്ക്ക് കടക്കുന്നതിന് മുൻപ് പി. ഇ. ഡി (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിയ്ക്ക് സമർപ്പിക്കണം. പി.ഇ.ഡി. യ്ക്ക് അപ്രൂവൽ കിട്ടിയതിനുശേഷം ദർഘാസ് ക്ഷണിക്കുന്നതാണ്.<br><br>കിഫ്ബിയുടെ പ്രൊസീജ്യർ പാലിച്ച് മാത്രമെ നിർമ്മാണത്തിലേയ്ക്ക് പോകുവാൻ കഴിയൂ. ഡി. പി. ആർ. സമർപ്പിക്കുകയും ആയതിനു അംഗീകാരം വാങ്ങുകയും, പി.ഇ.ഡി. സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും, ടെൻഡർ ചെയ്ത വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുകയും, പദ്ധതിയുടെ Unique LOA ID കിഫ്ബിയിൽ നിന്നും ലഭിച്ചതിനു ശേഷം വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (സി) | പദ്ധതിയുടെ അന്തിമ അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്രയും വേഗം പരിഹാരം കണ്ടെത്തി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടപടികൾ ത്വരിതപ്പെടുത്താമോ? | (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചശേഷം പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നല്കി ദർഘാസ് നടപടികളിലേയ്ക്ക് കടക്കുന്നതിന് മുൻപ് പി. ഇ. ഡി (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിയ്ക്ക് സമർപ്പിക്കണം. പി.ഇ.ഡി. യ്ക്ക് അപ്രൂവൽ കിട്ടിയതിനുശേഷം ദർഘാസ് ക്ഷണിക്കുന്നതാണ്.<br><br>കിഫ്ബിയുടെ പ്രൊസീജ്യർ പാലിച്ച് മാത്രമെ നിർമ്മാണത്തിലേയ്ക്ക് പോകുവാൻ കഴിയൂ. ഡി. പി. ആർ. സമർപ്പിക്കുകയും ആയതിനു അംഗീകാരം വാങ്ങുകയും, പി.ഇ.ഡി. സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും, ടെൻഡർ ചെയ്ത വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുകയും, പദ്ധതിയുടെ Unique LOA ID കിഫ്ബിയിൽ നിന്നും ലഭിച്ചതിനു ശേഷം വർക്ക് അവാർഡ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ